നിർദ്ദേശം ക്രൈംബ്രാഞ്ചിന് കൊടുത്തിട്ടുണ്ട്. കേസന്വേഷണം ഊർജ്ജിതപ്പെടുത്താൻ വീണ്ടും നിർദ്ദേശം കൊടുക്കുന്നതാണ്. റവന്യൂ വകുപ്പുമായി ആലോചിച്ച് മറ്റ് വിധത്തിലുള്ള ചികിൽസാ സഹായത്തെക്കുറിച്ച് ഗവൺമെന്റ് പ്രത്യേകമായി പരിശോധിക്കും.

(6) കാസർകോഡ് ഇലക്ട്രിക്കൽ സർക്കിളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

ശ്രീ. കെ. വി. കുഞ്ഞിരാമൻ: വൈദ്യുതി ബോർഡിനെക്കുറിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി നടത്തിയ പരാമർശം കാസർകോഡ് ജില്ലയിലെ വൈദ്യുതി വിതരണത്തെ സംബന്ധിച്ചിടത്തോളം അന്വർത്ഥമാണ്. വൈദ്യുതി ബോർഡിന്റെ വൈദ്യുതി വിതരണം മനുഷ്യജീവനെ അപകടപ്പെടുത്തുംവിധമാണെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമർശം. കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ രണ്ടുവർഷംകൊണ്ട്, മഞ്ചേശ്വരത്ത് സ്കൂളിൽ പോയി വന്ന ആറ് കുട്ടികളും എറിയാലിൽ അമ്മയും രണ്ടു കുഞ്ഞുങ്ങളുമടക്കം 15 ആളുകളാണ് വൈദ്യുതാഘാതമേറ്റ് മരിച്ചത്. അതിന്റെ പ്രധാന കാരണം ഈ രംഗത്ത് ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതാണ്. ലൈൻ പൊട്ടിവീണാൽ അവിടെ ജീവനക്കാർ എത്താൻ ചുരുങ്ങിയത് നാലു ദിവസമെടുക്കും. ജില്ലയിൽ 830 ജീവനക്കാരാണ് ഈ രംഗത്ത് വേണ്ടത്. എന്നാൽ 482 പേർ മാത്രമാണ് ഇപ്പോൾ ഈ രംഗത്ത് പ്രവർത്തിക്കുന്നത്. 249 ലൈൻമാൻമാരെ ആവശ്യമുള്ളതിൽ 140 പേർ മാത്രമാണ് പ്രവർത്തനരംഗത്തുള്ളത്. ലൈൻമാൻമാരായിട്ടുള്ളവരായ ഇവർ ഫീൽഡിൽ പണിയെടുക്കുന്നവരാണ്. 109 പേരുടെ കുറവ് ലൈൻമാൻമാരുടെ തസ്തികയിൽ മാത്രമുണ്ട്. ജില്ലാ ഇലക്ട്രിക്കൽ സെക്ഷനുകൾ വളരെ ദുർബലപ്പെട്ടിരിക്കുകയാണ്. തസ്തികകൾ വേണ്ടത്ര ഇല്ലാത്തതുകൊണ്ട് അപകടങ്ങൾ പെരുകുകയും, അതുപോലെ അറ്റകുറ്റപ്പണികൾ വേണ്ടത്ര നടക്കാതിരിക്കുന്നതിന്റെ ഫലമായി ആളപായം ദിവസംതോറും വർദ്ധിച്ചുവരികയുമാണ്. ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും വൈദ്യുതി വിതരണം ഫലപ്രദമായി നടത്തുന്നതിനും ആവശ്യമായ സംവിധാനം അടിയന്തിരമായി നടപ്പിലാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ സാമ്പത്തികസ്ഥിതി വളരെ മോശമായ സാഹചര്യത്തിൽ വായ്പാ പരിധി ഉയർത്തുന്നതിന്റെ ഭാഗമായി ബോർഡിന്റെ ഭരണച്ചെലവ് കുറയ്ക്കാൻ തീരുമാനിച്ചു. ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. മസ്ദൂർ തസ്തിക ഒഴികെ മറ്റുള്ള നിയമനങ്ങളിൽ 20-12-2001 മുതൽ 19-12-2004 വരെ മൂന്ന് വർഷത്തേയ്ക്ക് 20-12-2001-ലെ സർക്കാർ ഉത്തരവുപ്രകാരം നിയന്ത്രണം ഏർപ്പെടുത്തുകയുണ്ടായി. എന്നാൽ കാസർകോട്ടെ ഇലക്ട്രിക്കൽ സർക്കിളിനുകീഴിൽ വിവിധ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിലും അറ്റകുറ്റപ്പണികൾ നിലവിലുള്ള ഉദ്യോഗസ്ഥൻമാരെക്കൊണ്ട് നടത്തിക്കുകയാണ്. നിലവിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒഴിവുകൾ നിയമ തടസ്സംമൂലം നികത്താൻ സാധിക്കുന്നില്ല. ബാക്കി തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly